**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.ടി.6735    10.07.2014-ലെ മറുപടിക്ക്**

**രാത്രികാല പോസ്റ്റ്മോർട്ടം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ. നെല്ലിക്കുന്ന് | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് രാത്രികാലത്തും പോസ്റ്റ്മോർട്ടം അനുവദിച്ച തീരുമാനം മെഡിക്കൽ കോളേജുകളില്ലാത്ത ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ടോ; | എ) ഇല്ല |
| ബി) ഇല്ലെങ്കിൽ അതിന് സൗകര്യങ്ങളുള്ള ജില്ലാ ആശുപത്രികളിൽ തീരുമാനം നടപ്പിൽ വരുത്താതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; | ബി) 23.02.2013ൽ ആഭ്യന്തരവകുപ്പിൽ നിന്നും പുറപ്പെടുവിച്ച സ.ഉ.(എം.എസ്)നം.51/2013/ആഭ്യന്തര എന്ന ഉത്തരവിൽ 24 മണിക്കൂറും പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള സംവിധാനം ആദ്യഘട്ടത്തിൽ സർക്കാർ മെഡിക്കൽ കോളേജുകളിലും പിന്നീട് ജനറൽ ആശുപത്രികളിലും തുടർന്ന് ജില്ലാ ആശുപത്രികളിലും വിപുലീകരിക്കും എന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. കൂടാതെ ഇതിനാവശ്യമായ കൃത്രിമ വെളിച്ചം തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ, അധികജീവനക്കാർ എന്നിവ ലഭ്യമാക്കിയാൽ മാത്രമേ ഇത് നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ. |
| സി) ഒരു ജില്ലയിൽ ഒരിടത്തെങ്കിലും രാത്രികാല പോസ്റ്റ്മോർട്ടത്തിനുള്ള സൗകര്യം അടിയന്തിരമായി ഏർപ്പെടുത്തുമോ? | സി) രാത്രികാല പോസ്റ്റ്മോർട്ടത്തിന് ആവശ്യമായ ജീവനക്കാർ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കിയാൽ മാത്രമേ ഇത് നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ